**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**നടപടിക്രമം, തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-അന്യത്ര സേവനത്തിനുശേഷം ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. അജിത ആർ എൻ ന് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1). സ.ഉ(സാധാ)നം.2856/2023/H&FWD തീയതി 02/11/2023
2).ആരോഗ്യവകുപ്പ് ഡയറക്ടറുടെ 20/10/2024 ലെ ഇതേ നമ്പർ നടപടിക്രമം
3).ഡോ. അജിത ആർ എൻ, ജൂനിയർ കൺസൾട്ടന്റിന്റെ - 20/09/2024 ലെ അപേക്ഷ
4.ഡോ. അജിത ആർ എൻ, ജൂനിയർ കൺസൾട്ടന്റിന്റെ 23/10/2024 ലെ അപേക്ഷ

**ഉത്തരവ് നം. DHS/22708/2024-EB3 തീയതി:** 02-11-2024

---

കോട്ടയം ജില്ലയിലെ അയർകുന്നം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. അജിത.ആർ.എൻ-ന് പരാമർശം (1) പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ 12/11/2023 മുതൽ ഒരു വർഷത്തേക്കോ (അഞ്ചാം വർഷം) ടി തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതുവരെയോ (ഏതാണോ ആദ്യം അതു വരെ) എന്ന വ്യവസ്ഥയിൽ അന്യത്ര സേവനം അനുവദിച്ചു ഉത്തരവായിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 11/11/2024 ൽ അവസാനിക്കുന്നതിനാൽ ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചു ഉത്തരവായിരുന്നു.

എന്നാൽ പാലക്കാട് ജില്ലയിൽ അഗളി സാമൂഹികാരോഗ്യകേന്ദ്രത്തിലെ

ഒഴിവിൽ പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഡോ. അജിത.ആർ.എൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള നടപടിക്രമം റദ്ദ് ചെയ്തും ഡോ. അജിത ആർ എൻ -നെ പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചും ഉത്തരവാകുന്നു.

ഡോ. അജിത ആർ എൻ, 12/11/2024-നു ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 02-11-2024 14:44:16

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ഡോ. അജിത ആർ എൻ, ജൂനിയർ കൺസൾട്ടന്റ് (ഒബിജി)

പകർപ്പ്:-

1.അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

2.ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം

3.സുപ്രണ്ട്, സാമൂഹികാരോഗ്യകേന്ദ്രം, അഗളി, പാലക്കാട്

4.ഫയൽ/കരുതൽ ഫയൽ